**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 02/2022**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പുണ്യനാമത്തിൽ സ്ഥാപിതമായ സെന്റ് ഗ്രീഗോറിയോസ് ഇന്റർനാഷണൽ ക്യാൻസർ കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി പുരോഗമിക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ മുൻഗാമി ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമനസിന്റെ ഒരു സ്വപ്നപദ്ധതിയായിരുന്നു ഈ ആശുപത്രി. പരിശുദ്ധ പിതാവിന്റെ പ്രാർത്ഥനയും മധ്യസ്ഥതയും ഇതിന് എന്നും കാവലാണ്. അദ്ദേഹം തുടങ്ങിവച്ച പദ്ധതികൾ പൂർത്തീകരിക്കേണ്ട ഉത്തരവാദിത്തമാണ് നമുക്കുള്ളത്. നമ്മുടെ നേതൃത്വത്തിൽ അഭിവന്ദ്യരായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, ഡോ. സഖറിയാസ് മാർ അപ്രേം എന്നീ പിതാക്കന്മാരും, സി.ഇ.ഒ. എം. സി. പൗലോസ് കത്തനാരും, സെക്രട്ടറി വർക്കി ജോണും, കൗൺസിൽ അംഗങ്ങളും ആശുപത്രിയുടെ ദൈനംദിന കാര്യങ്ങൾ നിയന്ത്രിക്കുന്നു. അതിസമർത്ഥരും സേവനസന്നദ്ധരുമായ ഡോക്ടർമാരുടെ പ്രവർത്തനം മൂലം ലോകോത്തര നിലവാരമുള്ള മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയായി ഇത് വളർന്നു കഴിഞ്ഞു. അത്യാധുനികമായ മെഷീനുകൾ സ്ഥാപിക്കുവാൻ ഇതിനോടകം നമുക്ക് കഴിഞ്ഞിട്ടുണ്ട്. നൂതനമായ സി. റ്റി. സ്കാൻ മെഷീൻ ഉടനടി സ്ഥാപിക്കുന്നതാണ്.

സന്മനസുള്ള വിശ്വാസികളുടെയും അഭ്യുദയകാംക്ഷികളുടെയും ഉദാരമായ സാമ്പത്തികസഹായം ലഭിച്ചതുകൊണ്ടാണ് ഈ സ്ഥാപനം ഇത്രയും പുരോഗമിക്കുവാൻ ഇടയായത്. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം, വ്യക്തികളിൽ നിന്നും ഇടവകകളിൽ നിന്നും ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ അഞ്ചു വർഷ കാലയളവിലേക്ക് ലോൺ കണ്ടെത്തുവാൻ ശ്രമിച്ചതിന്റെ ഫലമായി ഗണ്യമായ തുക സമാഹരിക്കുവാൻ കഴിഞ്ഞു. അവ സമയബന്ധിതമായി തിരികെ കൊടുത്തുവരികയുമാണ്. പുതിയ ലോൺ കണ്ടെത്തുവാനുള്ള പരിശ്രമത്തിലാണ് നാം ഇപ്പോൾ മുന്നോട്ടുപോകുന്നത്. പലിശരഹിതമായോ അല്ലെങ്കിൽ 9000 രൂപയുടെ സൗജന്യ ചികിത്സ, ഇവയിൽ ഏതെങ്കിലും ഒരു വ്യവസ്ഥയിൻപ്രകാരം ലോൺ സ്വീകരിക്കുന്നതാണ്. പണം നൽകുന്നവർക്ക് നമ്മുടെ കൈയ്യൊപ്പോടുകൂടിയ സർട്ടിഫിക്കറ്റ് നൽകുന്നതും, സഭയുടെ പൂർണ ഉത്തരവാദിത്തത്തിൽ സമയബന്ധിതമായി പണം തിരികെ നൽകുന്നതുമാണ്. കൂടാതെ 'സ്നേഹസ്പർശം' പദ്ധതി തുടർന്നും പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു. ഈ പദ്ധതിയിലൂടെ കഴിഞ്ഞ വർഷം മൂന്ന് കോടിയോളം രൂപ സൗജന്യ ചികിത്സയ്ക്കായി നമ്മുടെ ആശുപത്രിയിൽ നിന്നും നൽകിയിട്ടുണ്ട്.

പരുമല ആശുപത്രിയുടെ തുടർന്നുള്ള വികസന പദ്ധതികൾക്കായി സംഭാവനകളും, ലോണും സ്വീകരിക്കുന്നതിനായി ഫിനാൻസ് കോ-ഓർഡിനേറ്ററായി നമ്മുടെ തോമസ് ജോൺസൺ കോർ-എപ്പിസ്കോപ്പയെ (Kaippallil Kolakottu, Makkamkunnu, Pathanamthitta, +91 94479 64387) നാം നിയമിച്ചിട്ടുണ്ട്. ഓരോ ഭദ്രാസനത്തിലേയും മെത്രാപ്പോലീത്താമാരുടെ മേൽനോട്ടത്തിൽ കോ-ഓർഡിനേറ്റർമാരെ നിയോഗിക്കുവാനായി തീരുമാനിച്ചിട്ടുമുണ്ട്. നമ്മുടെ നിർദ്ദേശമനുസരിച്ച് ഫിനാൻസ് കോ-ഓർഡിനേറ്റർ ഭദ്രാസന കോ-ഓർഡിനേറ്ററുമായി സഹകരിച്ച് തുടർപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. ഇന്നയോളം ആശുപത്രിക്ക് ചെയ്ത സേവനങ്ങൾക്കും സഹായങ്ങൾക്കും ദൈവം നിങ്ങൾക്ക് പ്രതിഫലം നൽകട്ടെ. തുടർന്നും എല്ലാവരും ആത്മാർത്ഥമായി സഹകരിച്ച് പരുമല ആശുപത്രിയുടെ വളർച്ചയ്ക്കായി പരമാവധി തുക സമാഹരിക്കുവാൻ ഉത്സാഹിക്കണമെന്ന് നാം സ്നേഹപൂർവ്വം താത്പര്യപ്പെടുന്നു. നന്മകൾ നിറഞ്ഞ പുതുവർഷം ആശംസിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 ജനുവരി മാസം 01-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.